# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7257 11.07.2014 ൽ മറുപടിക്ക്**

## മഴക്കാലത്ത് റോഡുകളുടെ ടാറിംഗ്- റീ ടാറിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.എൻ.എ. ഖാദർ** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി)** |
| എ | മഴക്കാലത്ത് റോഡുകളുടെ ടാറിംഗ്, റീ-ടാറിംഗ് എന്നിവ നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | മഴക്കാലത്ത് റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ സാധാരണയായി ചെയ്യാറില്ല. എന്നാൽ അത്യാവശ്യം വേണ്ടുന്ന കുഴിയടയ്ക്കൽ, കേട്ടുപാടു തീർക്കൽ എന്നിവ മഴക്കാലത്തും നടത്താറുണ്ട്. |
| ബി | മഴക്കാലത്ത് ടാറിംഗ്, റീ-ടാറിംഗ് നടക്കുന്ന റോഡുകൾ മറ്റു സീസണുകളിൽ ഇവ നടത്തുന്ന റോഡുകളേക്കാൾ പെട്ടെന്ന് തകരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | മഴക്കാലത്ത് ടാറിംഗ് നടത്തുന്നത് റോഡുകൾക്ക് ഈട് കുറയ്ക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി | മഴക്കാലത്ത് ടാറിംഗ്, റി-ടാറിംഗ് നടക്കുന്ന റോഡുകളുടെ ഗുണനിലവാരം വിലയിരുത്തുവാൻ ശ്രമി- ച്ചിട്ടുണ്ടോ; | സി) | റോഡുകളുടെ ഗുണനിലവാരം വിലയിരുത്തുന്നുണ്ട്. |
| ഡി | ഇത്തരം റോഡുപണികൾ മഴക്കാലത്തിനുമുമ്പോപിമ്പോ ചെയ്യണമെന്ന രീതിയിൽ ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | മഴക്കാലത്ത് ടാറിംഗ് പ്രവൃത്തികൾ നടത്തിയാൽ അതിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്നതിനാൽ ഒഴിവാക്കാൻ കേന്ദ്ര-റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ